ഭരണഭാഷ – മാതൃഭാഷ

**No.TRY/2698/2022-ISMC-C(129309)**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: **27-10-2025**

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പ്-**IFMS** ആപ്പ്ളിക്കേഷനുകൾ മുഖേന നടത്തുന്ന ഇടപാടുകളിൽ വരുന്ന തെറ്റുകൾ പരിഹരിക്കുന്നതിന് ചട്ടപ്രകാരം സ്വീകരിക്കേണ്ടുന്ന നടപടികൾ അറിയിക്കുന്നത്-സംബന്ധിച്ച്

സൂചന:

1. **GO(Rt)No.4337/2022/Fin dated 13/06/2022**
2. **GO(Rt)No.5847/2022/Fin dated 17/08/2022**
3. **SOP for reversal of internal Treasury Transactions.**
4. **SL-3/89/2020/Fin(1606897) dated 03/08/2023**

വിഷയത്തിലേക്കും സൂചനകളിലേക്കും താങ്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ട്രഷറികളിൽ വിവിധ **IFMS** ആപ്പ്ളിക്കേഷനുകൾ മുഖേന നടത്തപ്പെടുന്ന ഇടപാടുകളിൽ അശ്രദ്ധമൂലം വരുന്നതായ പിഴവുകൾ/പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയതമായ നടപടിക്രമങ്ങൾ രൂപീകരിക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി ഇത്തരത്തിലുണ്ടാകുന്ന പിഴവുകൾ സാങ്കേതികമായി പരിഹരിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഇതിനായി രൂപീകരിച്ച കമ്മറ്റി തയ്യാറാക്കി സൂചന (3) പ്രകാരം സർക്കാരിന് സമർപ്പിക്കുകയും സൂചന (4) പ്രകാരം ആയതിനുള്ള സജീകരണങ്ങൾ **CoreTSB**-യിൽ ഉൾപ്പെടുത്തുവാൻ

സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ **clerical/Supervisory** തലത്തിൽ പിഴവുകൾ/പ്രശ്നങ്ങൾ വന്നതായ സേവിങ്സ് ബാങ്ക് ഇടപാടുകൾ റദ്ദാക്കുന്നതിനായി ട്രഷറികളിൽ സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങൾ ചുവടെ കൊടുക്കുന്നു. എല്ലാ ട്രഷറി ഓഫീസർമാരും ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1. Cash Receipts (SB/FD)- SB/FD-യുമായി ബന്ധപ്പെട്ട തെറ്റായ ഇടപാടുകൾ (അക്കൗണ്ടന്റ്/ട്രഷറർ തലത്തിൽ Pay-in-Slip മുഖേന Cash സ്വീകരിച്ചത്)

ഈ വിഭാഗത്തിൽ ഉൾപ്പെട്ട് വരുന്ന തെറ്റായ ഇടപാടുകൾ ബന്ധപ്പെട്ട **SBPO/JS** എന്നിവരുടെ ശിപാർശയിൽ അതത് ഓഫീസ് മേലധികാരി തലത്തിൽ **(STO/ATO/ADTO/DTO)** തന്നെ റദ്ദാക്കാവുന്നതാണ്.

**Reverse Transaction >> Reverse Scrutinized Receipts >> SB Passing Officer >> Reverse Scrutinized Receipts - SB Passing Officer Level**

**“Reverse Transaction”** വിൻഡോയിൽ **“Reverse Scrutinized Receipts”** മെനുവിൽ ബന്ധപ്പെട്ട ട്രഷറികളിൽ നടത്തിയ തെറ്റായ **Receipt** ഇടപാടിന്റെ **Transaction Date, Sequence Number** എന്നിവ **SBPO/JS** തലത്തിൽ നൽകി **“Retrieve”** ചെയ്യുമ്പോൾ **‘Initiate Cancellation’** എന്ന ഓപ്ഷൻ ലഭ്യമാകും. **‘Initiate Cancellation’** നൽകുന്ന അവസരത്തിൽ പ്രസ്തുത ഇടപാട് വിവരങ്ങൾ ട്രഷറി ഓഫീസർ **(STO/ATO/ADTO/DTO)** തലത്തിൽ ക്യാൻസൽ ചെയ്യുന്നതിനായി കൈമാറേണ്ടതാണ്.

**Reverse Transaction >> Reverse Scrutinized Receipts >> Officer >> Reverse Scrutinized Receipts - Officer Level**

പ്രസ്തുത മെനുവിൽ ബന്ധപ്പെട്ട ട്രഷറികളിൽ നടത്തിയ തെറ്റായ

**Receipt** ഇടപാടിന്റെ **Transaction Date, Sequence Number** എന്നിവ **STO/ATO/ADTO/DTO,** തലത്തിൽ നൽകി **"Retrieve"** ചെയ്യുമ്പോൾ **SBPO/JS** തലത്തിൽ നിന്നും **Cancellation Initiate** ചെയ്ത് നൽകിയിട്ടുള്ള ഇടപാട് വിവരങ്ങൾ ലഭ്യമാകുന്നതാണ്. തുടർന്ന് **'Confirm Cancellation'** നൽകിയാൽ പ്രസ്തുത ഇടപാട് പൂർണ്ണമായും റദ്ദാക്കപ്പെടുന്നതാണ്.

## 2 . Cash Receipts (SB/FD)- SB/FD-യുമായി ബന്ധപ്പെട്ട തെറ്റായ ഇടപാടുകൾ (അക്കൗണ്ടന്റ്/ട്രഷറർ തലത്തിൽ Pay-in-Slip മുഖേന Cash സ്വീകരിച്ചതും SBPO/JS സ്ഥിരീകരിച്ചതും)

ഇത്തരം ഇടപാടുകൾ **STO/ATO/ADTO/DTO**-യുടെ ശിപാർശയിൽ ട്രഷറി ഡയറക്ടറേറ്റ് തലത്തിൽ റദ്ദാക്കുന്നതാണ്.

**Reverse Transaction >> Reverse Passed Receipts >> Officer >> Reverse Passed Receipts - Officer Level**

**"Reverse Transaction"** വിൻഡോയിൽ **"Reverse Passed Receipts"** മെനുവിൽ ബന്ധപ്പെട്ട ട്രഷറികളിൽ നടത്തിയ തെറ്റായ **Receipt** ഇടപാടിന്റെ **Transaction Date, Sequence Number** എന്നിവ ട്രഷറി ഓഫീസർ **(STO/ATO/ADTO/DTO)** തലത്തിൽ നൽകി **"Retrieve"** ചെയ്യുമ്പോൾ **' Initiate Cancellation'** എന്ന ഓപ്ഷൻ ലഭ്യമാകും. **' Initiate Cancellation'** നൽകുന്ന അവസരത്തിൽ പ്രസ്തുത ഇടപാടിന്റെ വിവരങ്ങൾ ക്യാൻസൽ ചെയ്യുന്നതിനായി ട്രഷറി ഡയറക്ടറേറ്റ് തലത്തിൽ സമർപ്പിക്കപ്പെടുന്നതാണ്.

തുടർന്ന് ട്രഷറി ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിക്കുന്ന നടപടികളോടെ പ്രസ്തുത ഇടപാട് പൂർണ്ണമായും റദ്ദാക്കപ്പെടുന്നു. **'Confirm Cancellation'** നൽകുമ്പോൾ തെറ്റായ ഇടപാടിന് സമാനമായ ഒരു റിവേഴ്സൽ എൻട്രി **(Payment)** പ്രസ്തുത അക്കൗണ്ടിൽ സൃഷ്ടിക്കപ്പെടുന്നതാണ്. റിവേഴ്സൽ എൻട്രിക്ക് ഇൻസ്ട്രുമെന്റ് (ചെക്ക്/**DD** തുടങ്ങിയവ) ആവശ്യമില്ല. അതോടൊപ്പം തെറ്റായി നടത്തിയ ഇടപാടുകൾ പ്രസ്തുത അക്കൗണ്ട്

രേഖകളിൽ മാറ്റമില്ലാതെ സൂക്ഷിക്കപ്പെടുന്നതുമാണ്.

### 3. <u>SB/FD ക്യാഷ് പേയ്മെന്റുകൾ-അക്കൗണ്ടന്റ് ലെവൽ</u>

**അക്കൗണ്ടന്റ് ലെവലിൽ തെറ്റായ SB/FD പേയ്മെന്റ് സ്ക്രൂട്ടിണി നടന്നാൽ, SBPO/JS/OFFICER-യുടെ ശിപാർ ശയിൻ മേൽ ബന്ധപ്പെട്ട ഓഫീസ് ഹെഡ്ഡിന് (STO/DTO) ഇത്തരം ഇടപാടുകൾ റദ്ദാക്കാവുന്നതാണ്.**

**Reverse Transaction >> Reverse Scrutinized Payments >> SB Passing Officer Level**

"Reverse Transaction" വിൻഡോയിൽ "Reverse Scrutinized Payments" മെനുവിൽ ബന്ധപ്പെട്ട ട്രഷറികളിൽ നടത്തിയ തെറ്റായ പേയ്മെന്റ് ഇടപാടിന്റെ Transaction Date, Sequence Number എന്നിവ **SBPO/JS** തലത്തിൽ നൽകി "Retrieve" ചെയ്യുമ്പോൾ 'Initiate Cancellation' എന്ന ഓപ്ഷൻ ലഭ്യമാകും. 'Initiate Cancellation' നൽകുന്ന അവസരത്തിൽ പ്രസ്തുത ഇടപാടിന്റെ വിവരങ്ങൾ ട്രഷറി ഓഫീസർ **(STO/ATO/ADTO/DTO)** തലത്തിൽ ക്യാൻസൽ ചെയ്യുന്നതിനായി കൈമാറുന്നതാണ്.

**Reverse Transaction >> Reverse Scrutinized Payments >> Officer Level**

പ്രസ്തുത മെനുവിൽ ബന്ധപ്പെട്ട ട്രഷറികളിൽ തെറ്റായി Scrutiny നടത്തിയ ഇടപാടിന്റെ Transaction Date, Sequence Number എന്നിവ **(STO/ATO/ADTO/DTO)** തലത്തിൽ നൽകി "Retrieve" ചെയ്യുമ്പോൾ **SBPO/JS** തലത്തിൽ നിന്നും Cancellation Initiate ചെയ്ത് നൽകിയിട്ടുള്ള ഇടപാടിന്റെ വിവരങ്ങൾ ലഭ്യമാകുന്നതാണ്. തുടർന്ന് 'Confirm Cancellation' നൽകിയാൽ ഇടപാട് പൂർണ്ണമായും റദ്ദാക്കപ്പെടുന്നു.

### 4. <u>SB/FD ക്യാഷ് പേയ്മെന്റുകൾ- Officer ലെവൽ</u>

SBPO/JS/OFFICER ലെവലിൽ തെറ്റായി പേയ്മെന്റ് പാസ്സാക്കിയാൽ

ഇത്തരം ഇടപാടുകൾ **STO/ATO/ADTO/DTO**-യുടെ ശിപാർശയിൽ ട്രഷറി ഡയറക്ടറേറ്റ് തലത്തിൽ റദ്ദാക്കപ്പെടുന്നതാണ്.

**Reverse Transaction >> Reverse Passed Payments >>Officer Level**

**"Reverse Transaction"** വിൻഡോയിൽ **"Reverse Passed Payments"** മെനുവിൽ ബന്ധപ്പെട്ട ട്രഷറികളിൽ നടത്തിയ തെറ്റായ **Payment** ഇടപാടിന്റെ **Transaction Date, Sequence Number** എന്നിവ ട്രഷറി ഓഫീസർ **(STO/ATO/ADTO/DTO)** തലത്തിൽ നൽകി **"Retrieve"** ചെയ്യുമ്പോൾ **'Initiate Cancellation'** എന്ന ഓപ്ഷൻ ലഭ്യമാകും. **'Initiate Cancellation'** നൽകുന്ന അവസരത്തിൽ പ്രസ്തുത ഇടപാടിന്റെ വിവരങ്ങൾ ക്യാൻസൽ ചെയ്യുന്നതിനായി ട്രഷറി ഡയറക്ടറേറ്റ് തലത്തിലേക്ക് സമർപ്പിക്കപ്പെടുന്നതാണ്.

തുടർന്ന് ട്രഷറി ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിക്കുന്ന നടപടികളോടെ പ്രസ്തുത ഇടപാട് പൂർണ്ണമായും റദ്ദാക്കപ്പെടുന്നു. **'Confirm Cancellation'** നൽകുമ്പോൾ തെറ്റായ ഇടപാടിന് സമാനമായ ഒരു റിവേഴ്സൽ എൻട്രി **(Receipt)** പ്രസ്തുത അക്കൗണ്ടിൽ സൃഷ്ടിക്കപ്പെടുന്നതാണ്. റിവേഴ്സൽ എൻട്രിക്ക് ഇൻസ്ട്രുമെന്റ് **(Pay-in-Slip)** ആവശ്യമില്ല. അതോടൊപ്പം തെറ്റായി നടത്തിയ പേമെന്റ് ട്രാൻസാക്ഷൻ പ്രസ്തുത അക്കൗണ്ട് രേഖകളിൽ മാറ്റമില്ലാതെ സൂക്ഷിക്കപ്പെടുന്നതാണ്. ആയതിനുശേഷം അതേ ഇൻസ്ട്രുമെന്റ് ഉപയോഗിച്ച് ശരിയായ രീതിയിൽ ഇടപാട് നടത്താവുന്നതുമാണ്.

## 5. SB ക്യാഷ് പേയ്മെന്റുകൾ- Teller ലെവൽ

**Teller** തലത്തിൽ/ലെവലിൽ തെറ്റായ പേയ്മെന്റ് പാസ്സാക്കിയാൽ/നടത്തിയാൽ ഇത്തരം ഇടപാടുകൾ **STO/ATO/ADTO/DTO**-യുടെ ശിപാർശയിൽ ട്രഷറി ഡയറക്ടറേറ്റ് തലത്തിൽ റദ്ദാക്കപ്പെടുന്നതാണ്.

ട്രഷറി ഡയറക്ടറേറ്റ് തലത്തിൽ അടിയന്തര നടപടി ആവശ്യമുള്ള

ഇത്തരത്തിലുള്ള തിരുത്തൽ വിവരങ്ങൾ ലൈസൺ ഓഫീസറെ അറിയിക്കേണ്ടതും, **fsec.treasury@kerala.gov.in** എന്ന മെയിലിൽ വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

**ട്രഷറികളിൽ നടത്തുന്ന എല്ലാ ഇടപാടുകളിലും അതീവ ജാഗ്രത പുലർത്തേണ്ടതാണ്. RTGS വഴി ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക കൈമാറ്റം ചെയ്യപ്പെടുന്ന ഇടപാടുകൾ, സ്ഥിരനിക്ഷേപ പലിശ വിതരണം നടത്തുന്നതിനായുള്ള ഇടപാടുകൾ തുടങ്ങിയവ നിലവിൽ മേൽ പ്രകാരം തയ്യാറാക്കിയിട്ടുള്ള നടപടികളിലൂടെ (സജ്ജീകരണം മുഖേന) റദ്ദാക്കുന്നതിന് സാധിക്കുകയില്ല. ആയതിനാൽ ഇത്തരം ഇടപാടുകൾ കുറ്റമറ്റരീതിയിൽ പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ് .**

മുകളിൽ പറഞ്ഞിരിക്കുന്ന ഏത് തെറ്റായ നടപടികൾക്കും വിശദീകരണം വാങ്ങേണ്ടതും ആയത് ഫയലിൽ സൂക്ഷിക്കേണ്ടതും മുതിർന്ന ഉദ്യോഗസ്ഥർ പരിശോധന വേളയിൽ ആവശ്യപ്പെടുന്ന അവസരങ്ങളിൽ ആയത് ലഭ്യമാക്കേണ്ടതുമാണ്. ധനകാര്യ ഇടപാടുകൾ നടത്തുന്ന **IFMS** ആപ്പ്ളിക്കേഷനുകളിൽ തെറ്റുകൾ വരുത്തുന്നതിനുള്ള സാഹചര്യം പൂർണ്ണമായും ഒഴിവാക്കേണ്ടതും ശ്രദ്ധയോടെ ഇടപാടുകൾ പൂർത്തിയാക്കേണ്ടതുമാണ് എന്ന കർശന നിർദ്ദേശവും ഇതോടൊപ്പം നൽകുന്നു.

വിശ്വസ്തതയോടെ

**V SAJAN**

**DIRECTOR**

പകർപ്പ് :-

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ലെയിസൻ ഓഫീസർമാർക്കും

---

**Directorate of Treasuries, Pattom, Pattom Palace.P.O, Thiruvananthapuram, Kerala 695004**
**www.treasury.kerala.gov.in, Email:treasury@kerala.gov.in**
**Ph: 0471-2323963,2322712 , FAX:0471-2324229**